(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണ കമ്മീഷനെ നിയമിച്ചിരുന്നുവോ;

(സി) ഉണ്ടെങ്കിൽ അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഒൻപത്

(ബി) മൂന്ന് അന്വേഷണ കമ്മീഷനുകളെ നിയമിച്ചിരുന്നു.

(സി) മൂന്നു അന്വേഷണ കമ്മീഷനുകളിൽ രണ്ടെണ്ണത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് നിയമസഭാ തലത്തിൽ വച്ചിട്ടുമുണ്ട്, ചാത്തന്നൂർ ലോക്കപ്പുമരണം ആത്മഹത്യയാണെന്നും പേരൂർക്കട കേസിൽ ചില പോലീസുദ്യോഗസ്ഥൻമാർ ഏൽപ്പിച്ച മുറിവുകാരണം മരണം സംഭവിച്ചു എന്നുമാണ് നിഗമനം.

ഓമന എന്ന ഹരിജൻ സ്ത്രീയുടെ മരണം

40 [47] ശ്രീ. കെ.കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പട്ടാഴി കിഴക്കേക്കര കടുവത്തോട് ചരിഞ്ഞവിള കിഴക്ക് കെ. കൊച്ചുകുഞ്ഞിന്റെ രണ്ടാം ഭാര്യയും പട്ടിക ജാതിയിൽപ്പെട്ടവളുമായ ഓമന എന്ന സ്ത്രീയുടെ മരണം കൊലപാതകമാണെന്ന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിനെപ്പറ്റി എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കുറ്റവാളികളെ കണ്ടുപിടിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി). കുറ്റവാളികളെ കണ്ടുപിടിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പുല്ലാട് ലില്ലിക്കുട്ടി എന്ന വീട്ടമ്മ കൊലചെയ്യപ്പെട്ട സംഭവം

41 [48] ശ്രീ. വി.എസ്. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോയിപ്രം പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന പുല്ലാട് എന്ന സ്ഥലത്ത് ലില്ലിക്കുട്ടി എന്ന വീട്ടമ്മ കൊലചെയ്യപ്പെട്ടത് എന്നാണ്;

(ബി) ഈ സംഭവത്തിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം വകുപ്പുകളനുസരിച്ചാണെന്നും പ്രതികൾ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly